

"The best way to find yourself is to lose yourself in the Service of Others "

മഹാത്മാഗാന്ധി

സ്വയംഭരണ ഗ്രാമങ്ങളുടെ പിതാവ്

നടത്തറ ഗ്രാമപഞ്ചായത്ത്

G - 18 : NADATHARA GRAMA PANCHAYATH - WARDWISE MAP (AUG 2014)

SCALE 1:20000

നടത്തറ
ഗ്രാമപഞ്ചായത്ത്

കരട് ബജറ്റ് 2024-25 (Draft Budget)

(13/02/2024)

ബജറ്റ് 2024/2025 ആമുഖ പ്രസംഗം

(ശ്രീമതി. ശ്രീവിദ്യരാജേഷ്)

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പ് അനുസരിച്ച് എല്ലാ വർഷവും മാർച്ച് 31 ന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുണ്ട്. ധനകാര്യ സ്ഥാപനത്തിന്റെ ധനകാര്യപരിപാലനത്തിന് ആവശ്യമായ നടപടിയാണ് ബജറ്റ്. വരുന്ന ഒരു വർഷത്തേക്കുള്ള പ്രതിക്ഷിത വരവ്, ചിലവ് എന്നിവയുടെ ചുരുക്ക രൂപമാണ് ബജറ്റ്. പഞ്ചായത്തിലെ വിവിധ ധനസ്രോതസ്സുകളിൽ നിന്നും കിട്ടുന്ന വരുമാനം ചേർത്ത് വെച്ച് ദൈനദിന ആവർത്തന ചിലവുകൾക്കും, വികസന പദ്ധതികൾക്കുമായി മാനദണ്ഡപ്രകാരം തുകകൾ വകയിരുത്തി അവതരിപ്പിക്കുന്നതാണ് ബജറ്റ് എന്നതു കൊണ്ട് ലക്ഷ്യമാക്കുന്നത്.

സംസ്ഥാനത്ത് ജനകീയആസൂത്രണ പദ്ധതിയുടെ ആരംഭിച്ച് 25 വർഷം പിന്നിട്ടിരിക്കുന്ന സാഹചര്യത്തിൽ നാളിതുവരെ സംസ്ഥാനം കൈവരിച്ച മാനവ വികസനത്തിലേയും വികേന്ദ്രീകിത ഭരണനിർവ്വഹണത്തിലേയും നേട്ടങ്ങൾ സ്ഥിരമായി നിലനിർത്തുന്നതിനും കേരളത്തിലെ ജനകീയ വികസന മാതൃകയെ പുതിയ വികസന വെല്ലുവിളികൾ നേരിടുന്നതിനുമായി പ്രാപ്തമാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. പ്രദേശികമായ വികസന പരിപാടികൾ നടപ്പിലാക്കുന്നതിനും, ക്ഷേമ, സേവന പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായി പ്രദേശിക സർക്കാരുകളെ മാറ്റുന്നതിനും മറ്റ് വെല്ലുവിളികളേയും നേരിടുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് ബഹു കേരള സർക്കാർ പദ്ധതി ചിലവിന്റെ 28 ശതമാനം തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി 2024-2025 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഈ ഭരണസമിതിയുടെ നാലാമത്തെ ബജറ്റാണ് ഇവിടെ അവതരിപ്പിക്കുവാൻ പോകുന്നത്. പഞ്ചായത്തിൻറെ സമഗ്ര വികസനം ലക്ഷ്യമാക്കുന്ന തരത്തിൽ തനതു വരുമാനവും കേരള സർക്കാർ നൽകുന്ന വിവിധ ഗ്രാൻറുകൾ മുഖേനയുള്ള തുകകളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതം, ബ്ലോക്ക്, ജില്ല പഞ്ചായത്ത് മുഖേന ലഭിക്കുന്ന വിവിധ ഫണ്ടുകൾ, നിയമസഭാ സമാജികരുടെ ആസ്തി വികസന ഫണ്ട്, ഉണഭോക്തൃ വിഹിതം,സാമൂഹ്യ സുരക്ഷിത പെൻഷൻ തുക, വിവാഹ ധന സഹായം, ശുചിത്വ മിഷൻ ഫണ്ട്, നഗര സഞ്ചയ പദ്ധതി പ്രകാരം ലഭിക്കുന്ന തുക, ഹെൽത്ത് ഗ്രാൻറ് എന്നിവയും ചേർന്ന തുകയാണ് ബജറ്റിന്റെ മൂലധനം. ടി തുക പഞ്ചായത്തിൻറെ എല്ലാ തലങ്ങളിലൂടെയുള്ള വികസനത്തിനായി ഉത്പാദനം, സേവനം, പശ്ചാത്തലം എന്നീ മേഖലാ വിഭജനത്തിലൂടെ ചിലവഴിക്കുന്നതിനാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. കൂടാതെ ലൈഫ് ഭവന പദ്ധതി, സ്ത്രീകൾ, ഉൾപ്പെടെയുള്ള ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനം, പട്ടികജാതി, പട്ടികവർഗ്ഗം വികസനം, സമ്പൂർണ്ണ ശുചിത്വം - പ്ലാസ്റ്റിക് വിമുക്ത കേരളം എന്ന ലക്ഷ്യം മുന്നിൽ വെച്ച് കൊണ്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനും ആയതിന് ബജറ്റ് വിഹിതം ഉൾക്കൊള്ളിക്കുന്നതിനും പഞ്ചായത്ത് പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. കൂടാതെ കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണ എന്നിവയ്ക്കും പ്രാധാന്യം നൽകുന്നതാണ് ബജറ്റ്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ പൊതുജനങ്ങളുടെയും,

ജനപ്രതിനിധികളുടെയും സഹായത്തോടു കൂടി തൃശ്ശൂർ ജില്ലയിൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിനായി നമുക്ക് കഴിഞ്ഞിട്ടുണ്ട്.

നടപ്പു സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങളിൽ ഉത്പാദന, സേവന, പശ്ചാത്തല മേഖലകളിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. നെൽ, വാഴ, തെങ്ങ്, പച്ചക്കറി തുടങ്ങിയ പരമ്പരാഗത കൃഷി മേഖലകളിലും, മൃഗസംരക്ഷണം, പാൽ എന്നീ മേഖലകളിലും നല്ല പുരോഗതി കൈവരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ സേവന മേഖലയിലും, പട്ടികജാതി – പട്ടിക വർഗ്ഗം മറ്റ് ദുർബല വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനം ലക്ഷ്യമാക്കിയും നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനം, മാനസിക ആരോഗ്യ വെല്ലുവിളി നേരിടുന്നവരുടെ ആരോഗ്യം, പരിരക്ഷ എന്നിവക്കുള്ള പദ്ധതികളും പുരോഗമന ഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിൻറെ പദ്ധതിയായ ലൈഫ് പദ്ധതി മൂന്നാം ഘട്ടം അനുസരിച്ച് നടപ്പു വർഷം സ്വന്തമായി ഭൂമിയുള്ള 29 പേർക്ക് ഭവന നിർമ്മാണ ആനുകൂല്യം നൽകിയിട്ടുണ്ട്. ആയത് പുരോഗമന ഘട്ടത്തിലാണ്. കൂടാതെ സംസ്ഥാന സർക്കരിന്റെ സഹായത്തോടെ നിർമ്മാണം പൂർത്തിയായ ശ്രീധരിപാലം അപ്രോച്ച് റോഡിന്റെ നിർമ്മാണം, ആശാരിക്കാട് സ്കൂളിന് പുതിയ കെട്ടിടം, പഞ്ചായത്ത് കല്യാണ മണ്ഡപം എന്നിവയുടെ നിർമ്മാണം, മൂർക്കനിക്കര സ്കൂളിലെ ഓഡിറ്റോറിയം എന്നിവ സമീപ ഭാവിയിൽ തന്നെ പൂർത്തിയാകുന്നതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം, മൂർക്കനിക്കര സ്കൂൾ ഗ്രൗണ്ടിലെ സ്റ്റേഡിയം നിർമ്മാണം എന്നിവയ്ക്കും സംസ്ഥാന ബജറ്റിൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ട്. തൃശ്ശൂർ കോർപ്പറേഷന്റെ സഹായത്തോടെ നിർമ്മാണം പുരോഗമിക്കുന്ന നഗരസഞ്ചയ പദ്ധതിയുടെ അടുത്ത ഘട്ടം ധനസഹായവും വരുന്ന വർഷം പഞ്ചായത്ത് പ്രതീക്ഷിക്കുന്നുണ്ട്. അടിസ്ഥാന മേഖലകളുടെ വികസനത്തിനായി നമ്മെ വളരെ അധികം സഹായിക്കുന്ന കേരള സംസ്ഥാന റവന്യു മന്ത്രിയും ഒല്ലൂർ എം എൽ എ കൂടിയായ അഡ്വ. കെ.രാജന്റെ നിർലോഭമായ സഹകരണത്തിന് ഈ അവസരത്തിൽ പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു.

2024 ലെ പാർലിമെന്റ് ഇലക്ഷന്റെ സമയക്രമം പ്രഖ്യാപിക്കുന്നതിന് മുമ്പ് 2024-25 വർഷത്തെ പദ്ധതി അംഗീകാരം വാങ്ങേണ്ടതിനാൽ ജില്ലാ ആസൂത്രണ സമിതിയുടെ നിർദ്ദേശ പ്രകാരം നടപ്പുസാമ്പത്തിക വർഷത്തിലെ ഫണ്ടുകൾ ആധാരമാക്കിയാണ് 24-25 വർഷത്തെ പദ്ധതി സമർപ്പിച്ചിട്ടുള്ളത്. പാർലിമെന്റ് ഇലക്ഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് ജില്ലാ പ്ലാനിംഗ് ഓഫീസിന്റെ അനുമതിയ്ക്ക് വിധേയമായി 2024-2025 സംസ്ഥാന ബജറ്റിൽ ഗ്രാമപഞ്ചായത്തിനായി നൽകിയ അധിക തുക ഉൾപ്പെടുത്തി പദ്ധതി പ്രവർത്തനം ഭേദഗതി ചെയ്യുന്നതാണ്.

നടത്തറ ഗ്രാമപഞ്ചായത്തിന്റെ ജനങ്ങളുടെയും സമഗ്ര പുരോഗതിക്കും ക്ഷേമത്തിനുമായി രാഷ്ട്രീയ വ്യത്യാസം മറന്ന് ഒരുമിച്ച് പ്രവർത്തിക്കുന്ന ഭരണ സമിതി അംഗങ്ങളേയും ജീവനക്കാരേയും നിർവ്വഹണ ഉദ്യോഗസ്ഥരേയും അഭിനന്ദിച്ച്കൊണ്ട് 2024/2025 വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നതിന് വൈസ് പ്രസിഡൻറും ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി അധ്യക്ഷൻ കൂടിയായ ശ്രീ.പി.ആർ.രജിത്തിനെ സ്വാഗതം ചെയ്യുന്നു.

ബജറ്റ് 2024-2025 അവതരണം

(അഡ്വ പി.ആർ രജിത്ത്)

20 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയും ആയിർ 32,000 ത്തോളം ജനസംഖ്യയുമുള്ള നടത്തറ ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സ് വസ്തു നികുതിയാണ്. പ്രതിവർഷം 80 ലക്ഷത്തിലധികമുള്ള വസ്തു നികുതിയ്ക്ക് പുറമേ തൊഴിൽ നികുതി, ഷോപ്പിംഗ് കോംപ്ലക്സ് വാടക, ലൈസൻസ് ഫീസ് എന്നിവയാണ്, പഞ്ചായത്തിന്റെ മറ്റ് സ്ഥായിയായ വരുമാനങ്ങൾ ഇതിനുപുറമേ ബിൽഡിംഗ് പെർമിറ്റ്, ലേലം, പിഴപ്പലിശ, റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് എന്നീ മറ്റ് വരുമാനങ്ങളും സംസ്ഥാന സർക്കാരിൽ നിന്നുമുള്ള ജനറൽ പർപ്പസ് ഗ്രാന്റും ഉൾപ്പെടെയുള്ള തനത വരുമാനത്തിൽ നിന്നാണ് മെമ്പർമ്മാരുടെ ഓണറേറിയം, ജീവനക്കാരുടെ ശമ്പളം, തെരുവ് വിളക്ക്, വൈദ്യുതചാർജ്ജ്, വാട്ടർ ചാർജ്ജ്, മറ്റ് ദൈനംദിന ചെലവുകൾ വാർഷിക പദ്ധതിയിലെ പല പ്രോജക്ടുകളുടേയും ചെലവുകൾ എന്നിവ വഹിക്കുന്നത്.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി പഞ്ചായത്തിന് സർക്കാരിൽ നിന്നും ലഭിക്കുന്ന വികസന ഫണ്ട്, മെയിൻറനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഫണ്ട്, മുതലായവ 100% ചെലവഴിച്ച് ടി ഫണ്ടുകൾ വകയിരുത്തിയ പ്രോജക്ടുകളുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിൽ വിജയിച്ച പഞ്ചായത്ത് നടപ്പു വർഷവും അടുത്ത വർഷവും പ്രസ്തുത നേട്ടങ്ങൾ നിലനിർത്തുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇതിനു പുറമേ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതിയുടെ ചെലവുകൾ ഓരോ വർഷം തോറും ക്രമാതീതമായി ഉയർത്തി കൊണ്ടു വരുന്നതിനും അതോടൊപ്പം തൊഴിലാളികളുടെ എണ്ണവും തൊഴിൽ ദിനങ്ങളും വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകിവരുന്നുണ്ട്.

വാർഷിക പദ്ധതിയിൽ പഞ്ചായത്ത് പ്രധാന ഊന്നൽ നൽകുന്നത് ദാരിദ്ര്യം നിർമ്മാർജ്ജനത്തിനും തെഴില്ലായ്മ പരിഹരിക്കുന്നതിനുമാണ്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയതിലൂടെ സാധാരണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാനും സാമൂഹികമായ പിന്നോക്കാവസ്ഥ ദൂരീകരിക്കുവാനും കഴിഞ്ഞ പഞ്ചായത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ലൈഫ് ഭവന പദ്ധതിയിലൂടെ ഭവന രഹിതരായ ദാരിദ്രരേഖയ്ക്ക് താഴെയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും വാസയോഗ്യമായ സ്വന്തമായ വീട് ഉറപ്പുവരുത്തുന്നതിനും 2024-25 വർഷത്തെ ബജറ്റിൽ ലക്ഷ്യമിടുന്നു.

പഞ്ചായത്തിലെ BPL എന്ന APL എന്നോ വ്യത്യാസം നോക്കാതെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും ജീവിത നിലവാരവും ജീവിത സാഹചര്യവും മെച്ചപ്പെടുത്തുന്നതിനും അതോടൊപ്പം പഞ്ചായത്തിലെ കോളനികൾ ഉൾപ്പെടെയുള്ള പിന്നോക്ക പ്രദേശങ്ങൾ ഉൾപ്പെടെ എല്ലാം ഭൂപ്രദേശങ്ങൾക്കും ഉദ്പാദന സേവന പശ്ചാത്തല മേഖല ഉൾപ്പെടെ മുഴുവൻ മേഖലകൾക്കും അർഹമായ പരിഗണനയാണ് ബജറ്റിൽ നൽകിയിട്ടുള്ളത്. പഞ്ചായത്തിന്റെ GDP മുൻകാലങ്ങളെ അപേക്ഷിച്ച് വലിയ തോതിൽ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃഷിയും മൃഗസംരക്ഷണവും ചെറുകിട വ്യവസായവും അടങ്ങുന്ന ഉദ്പാദന മേഖലയ്ക്ക് വാർഷിക ബജറ്റിന്റെ നല്ലൊരു ശതമാനം തുകയും നീക്കി വെച്ചിട്ടുള്ളത്. ഇതുവഴി കാർഷികമേഖലയ്ക്ക് പുതിയ ഉണർവും കാർഷികോൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുവാനും അതുവഴി കാർഷിക രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കൃഷി, മൃഗസംരക്ഷണം തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ബജറ്റിൽ ഊന്നൽ നൽകുന്നു. ഉല്പാദന വർദ്ധനവും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കലും ലക്ഷ്യമിട്ടാണ് കുടുംബശ്രീ സംവിധാനത്തിന്റെ പരിപൂർണ്ണ സഹകരണത്തോടെയും പിന്തുണയോടെയും ചെറുകിട

വ്യവസായ സംരംഭങ്ങൾക്കും പുതിയ സ്റ്റാർട്ടപ്പുകൾക്കും പ്രോത്സാഹനം നൽകുന്നതിനും ബജറ്റിൽ പ്രാമുഖ്യം നൽകിയിട്ടുണ്ട്.

പഞ്ചായത്തിൻറെ അധീനതയിലുള്ള മൂർക്കനിക്കര, ആശാരിക്കാട് ഗവൺമെൻറ് യു.പി സ്കൂളുകളുടെ സമഗ്ര വികസനവും അദ്ധ്യായന നിലവാര വർദ്ധനവും ലക്ഷ്യമിട്ട പദ്ധതികൾ ഉൾപ്പെടെ വിദ്യാഭ്യാസ മേഖലയ്ക്കും ആരോഗ്യ മേഖലയിലെ പഞ്ചായത്തിലെ അലോപ്പതി, ആയുർവേദ ,ഹോമിയോ ആശുപത്രികളുടെ സമഗ്ര വികസനത്തിനും പൊതുജന ആരോഗ്യ സംരക്ഷണത്തിനും ബജറ്റിൽ മുൻതൂക്കം നൽകിയിട്ടുണ്ട്. കുടിവെള്ള മേഖലയിൽ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം എത്തിയ്ക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെയുള്ള ജീവൻ മിഷൻ പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുവാൻ ബജറ്റ് ലക്ഷ്യമിടുന്നു.

നാളത്തെ പൗരന്മാരായ കുട്ടികളുടെ ശാരീരിക മാനസിക വികസനത്തിനനുസൃതമായ പദ്ധതികൾക്ക് അംഗൻവാടികളുമായി ബന്ധപ്പെടുത്തി മുൻ തൂക്കം നൽകിയ ബജറ്റിൽ സമൂഹത്തിലെ ദുർബല ജനവിഭാഗമായ വയോജനങ്ങൾക്കും അംഗപരിമിതർക്കും അർഹമായ പരിഗണനയാണ് നൽകിയിട്ടുള്ളത്. പഞ്ചായത്തിൽ അതിദരിദ്രമായി കണക്കാക്കപ്പെടുന്ന 60 കുടുംബങ്ങളെ അതിദാരിദ്യത്തിൽ നിന്നു മാത്രമല്ല ദാരിദ്ര്യരേഖയ്ക്ക് തന്നെ മുകളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ്. ബജറ്റിൽ ഈ വിഭാഗവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ഫണ്ട് വകയിർത്തിയിട്ടുള്ളത്.വാതിൽപ്പടി സേവനം കൂടുതൽ കാര്യക്ഷമമാക്കുവാനും ലൈഫ് ഭവന പദ്ധതിയിലൂടെ പഞ്ചായത്തിലെ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് സ്വന്തമായി വീടിനും വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുവാനും ഭൂരഹിത ഭവനരഹിതരെ ഘട്ടം ഘട്ടമായി പുനരധിവസിപ്പിക്കുന്നതിനും ബജറ്റ് മുൻതൂക്കം നൽകുന്നു ചുരുക്കത്തിൽ പഞ്ചായത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ദുർബല ജന വിഭാഗങ്ങളുടെ ജീവിത പ്രതീക്ഷകൾ സഫലീകരിക്കുന്നു എന്നത് ഈ ബജറ്റിന്റെ പ്രത്യേകതയാണ്.

ILGMS സംവിധാനം നിലവിൽ വന്നതോടുകൂടി പഞ്ചായത്തിൽ നിന്നുമുള്ള സേവനങ്ങൾ പൂർണമായും ഓൺലൈൻ സംവിധാനമായി മാറിയിട്ടുണ്ട്. ഇതിൻറെ ഭാഗമായി പഞ്ചായത്തിൽ നിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിലെ കാലതാമസം പരിഹരിക്കപ്പെട്ടതിനു പുറമേ സേവനങ്ങൾ അതിവേഗം ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ബജറ്റിൽ മുൻതൂക്കം നൽകിക്കൊണ്ട് കെ സ്മാർട്ട് ഉൾപ്പെടെയുള്ള വിവര സാങ്കേതിക വിദ്യയുടെ വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്.

പഞ്ചായത്തിലെ കാർഷിക മൃഗസംരക്ഷണ മേഖലയ്ക്ക് പുതിയ ഉണർവ് പകരുന്നതിനും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും പഞ്ചായത്തിലെ കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിലെ കിണർ റീചാർജ് സംവിധാനത്തിലൂടെ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ഭവന നിർമ്മാണം ഉൾപ്പെടെയുള്ള വ്യക്തിഗത ആനുകൂല്യങ്ങൾക്ക് സഹായകരമായതും വീതി കുറഞ്ഞ വഴികൾ കോൺക്രീറ്റ് ചെയ്ത് ഗതാഗതമാക്കൽ തുടങ്ങിയ ഒട്ടനവധി പദ്ധതികൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ തൊഴിലാളികളെ 100 തൊഴിൽ ദിനം പരിപാടിയിൽ ഉൾക്കൊള്ളിക്കുന്നതിനും ബജറ്റിൽ പ്രത്യേകം ശ്രദ്ധ നൽകിയിട്ടുണ്ട്.

പഞ്ചായത്തിലെ തെരുവു വിളക്കുകൾ ആവശ്യാനുസരണം റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമാക്കുന്നതിനും പുതിയ തെരുവ് വിളക്കുകൾ പ്രധാന റോഡുകളിൽ

സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് മെയിൻ ഇല്ലാത്ത എല്ലാ പ്രദേശങ്ങളിലും സ്ട്രീറ്റ് മെയിൻ നീട്ടുന്നതിനും ബജറ്റിൽ പ്രാമുഖ്യം നൽകിയിട്ടുണ്ട്. നടത്തറ മുതൽ വലക്കാവ് വരെയുള്ള മുഴുവൻ ഇലക്ട്രിക് പോസ്റ്റുകളും പുതിയ തെരുവു വിളക്കുകൾ സ്ഥാപിച്ചതിന്റെ തുടർച്ചയായി പഞ്ചായത്തിലെ പ്രധാന റോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകളി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ബജറ്റിൽ ഉൾക്കൊള്ളിച്ചുണ്ട്. സ്വകാര്യ സംഘടനകളുടെ സഹായത്തോടുകൂടി ഇരവിമംഗലം പുത്തൂർ റോഡിൽ ഈ വർഷം സ്ഥാപിച്ച സോളാർ ലൈറ്റുകൾ വലിയ ജനശ്രദ്ധ നേടിയ പശ്ചാത്തലത്തിൽ ഇത്തരം സംരംഭങ്ങൾ കൂടുതൽ നടപ്പിലാക്കുന്നതിന് ബജറ്റ് ആവശ്യമായ പ്രോത്സാഹനം നൽകുന്നു. വികസനത്തിന്റെ ജീവനാഡിയായ റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപണിയ്ക്കും വലിയ പ്രാധാന്യം നൽകിയ ബജറ്റിൽ ഗ്രാമസഭയിലൂടെ ഉയർന്നുവന്ന റോഡുകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിൽ ബഹുഭൂരിപക്ഷവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. റോഡുകളുടെ ദീർഘകാല നിലനിൽപ്പിന് ആവശ്യമായ കാനകളും കൾവർട്ടുകളും ബജറ്റിൽ ഇടം പിടിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഏറ്റവും വലിയ സ്വപ്ന പദ്ധതിയായ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിലെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. ഈ ബജറ്റിൽ പഞ്ചായത്തിൻറെ ആസ്ഥികളായ ഷോപ്പിംഗ് കോംപ്ലക്സ്, അംഗൻവാടികൾ, വിവിധ ഘടക സ്ഥാപനങ്ങൾ എന്നിവയുടെ മെയിന്റെസിനും നവീകരണത്തിനും പ്രത്യേകം പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തിൻറെ ആസ്തികളായ വിവിധ കുളങ്ങളും തോടുകളും പൊതുകിണറുകളും സംരക്ഷിച്ച എല്ലാ ജലസ്രോതസ്സുകളിലും ശുദ്ധജല സമൃദ്ധമാക്കുന്നതിന് ആവശ്യമായ തുക ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ടൂറിസം മേഖലയിൽ പ്രത്യേക പ്രാധാന്യം നൽകി പഞ്ചായത്തിലെ കൈനൂർ ചിറ പരിസരത്തെ പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തി കൈയ്യേറ്റം ഒഴിപ്പിച്ച് സ്ഥലത്ത് ഒരു ടൂറിസം കേന്ദ്രം ആരംഭിക്കുന്നതിനും അതിൻറെ ഭാഗമായി മണലിപുഴയിൽ പെഡൽ ബോട്ട് സർവീസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനും ബജറ്റിൽ പ്രാമുഖ്യം നൽകിയിട്ടുണ്ട്. കലാ സാഹിത്യ സാംസ്കാരിക മേഖലയിൽ നിരവധി പ്രതിഭകളെ സൃഷ്ടിച്ചിട്ടുള്ള പഞ്ചായത്തിൽ പ്രമുഖ എഴുത്തുകാരനായ സുകുമാർ അഴീക്കോടിൻറെ പേരിലുള്ള സാംസ്കാരിക കേന്ദ്രത്തിന്റെ വളർച്ചയിലും തുടർനടത്തിപ്പിലും പഞ്ചായത്തിന്റെ നേതൃത്വപരമായ പങ്കിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ കളി സ്ഥലങ്ങളുടെ നവീകരണം ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രവർത്തനങ്ങൾ ബജറ്റിൽ ഇടം പിടിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുന്നതിനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക വകയിരുത്തിയിട്ടുള്ള ബജറ്റിൽ പഞ്ചായത്തിനെ പരിപൂർണ്ണമായും മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യം 2024-25 സാമ്പത്തിക വർഷം ആരംഭത്തിൽ തന്നെ കൈവരിക്കുന്നതിന് മുൻതൂക്കം നൽകുന്നു. അതിന്റെ ഭാഗമായി എം.സി.എഫ് ന്റെ വിപുലീകരണം, എം.സി.എഫിലേയ്ക്കും, ഹരിതകർമ്മസേനയിലേയ്ക്കും ആവശ്യമായ സാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങിയ ആശയങ്ങൾ സഫലമാക്കുന്നതിനും ബജറ്റിൽ കൂടുതൽ ഊന്നൽ നൽകുന്നു. പഞ്ചായത്തിലെ ഏക ശ്മശാനമായ ഓർമ്മ കൂടിന്റെ സുഗമമായ പ്രവർത്തനത്തിന് എ.എം.സി നൽകുന്നതിന് ബജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഓരോ വർഷം കഴിയുംതോറും ജനങ്ങളുടെ ആവശ്യങ്ങളും പൊതു ആവശ്യങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഗ്രാമസഭ നിർദ്ദേശങ്ങൾ പൂർണ്ണമായും നിറവേറ്റുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന ഫണ്ട് തികയാത്ത സാഹചര്യത്തിൽ ഫണ്ടിന് കൂടുതൽ ആശ്രയിക്കേണ്ടിവരുന്നത് തനതു ഫണ്ടിനെയാണ് ആയതിനാൽ തനതു ഫണ്ട്

വർധിപ്പിക്കേണ്ട ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതിന് പഞ്ചായത്തിന് വർഷംതോറും ലഭിയ്ക്കേണ്ട വിവിധ നികുതികളും ഫീസുകളും വാടക ഉൾപ്പെടെയുള്ള മറ്റ് വരുമാനങ്ങളും പൂർണ്ണമായും പിരിച്ചെടുക്കുകയും കൃത്യമായ സർവ്വെയും പരിശോധന നടത്തി അത്തരം വരവുകൾ വർദ്ധിപ്പിക്കുന്നതിനും ബജറ്റിൽ മുൻതൂക്കം നൽകിയിട്ടുണ്ട്..

ഭാവിയിൽ പഞ്ചായത്തിൽ സാധ്യമാകുന്ന വലിയ വികസനത്തിന് സഹായമായ വലക്കാവ് ബസ്സ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോപ്ലംക്സ് എന്നിവയ്ക്ക് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് ബജറ്റിൽ മതിയായ തുക വകയിരിത്തുണ്ട്. പഞ്ചായത്തിനോട് വളരെ അടുത്ത് സമീപ പഞ്ചായത്ത് ആയ പുത്തൂർ സുവോളജിക്കൽ പാർക്ക് ഈ മേഖലയിൽ ഉണ്ടാക്കുന്ന വലിയ വികസന സാദ്ധ്യതകൾ മേൽപറഞ്ഞ പദ്ധതികൾക്ക് ഗുണകരമാണ്.

മാലിന്യ മുക്ത നവകേരള ക്യാമ്പയിന്റെ ഭാഗമായി ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, അജൈവ മാലിന്യ വാതിൽപ്പടി ശേഖരവുമായി ബന്ധപ്പെട്ട് യൂസർഫീ കളക്ഷൻ 100 ശതമാനത്തിൽ എത്തിക്കുന്നതിനും, പഞ്ചായത്തിലെ ജലാംശയങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങൾ പരിപൂർണ്ണമായി മാലിന്യമുക്തമാക്കി അവിടെ സ്നേഹരാമം പദ്ധതിയിലൂടെ പൂന്തോട്ടങ്ങൾ സ്ഥാപിച്ച്, പഞ്ചായത്തിന് പരിപൂർണ്ണമായി വൃത്തിയുള്ള ഉദ്യാന ഗ്രാമമായി മാറ്റുന്നതിനും, ബജറ്റിൽ മുൻതൂക്കം മാലിന്യശേഖരം പരമാധി എത്തിക്കുന്നതോടെ ഈ വർഷം നിർമ്മിക്കുന്ന പഞ്ചായത്തിന്റെ രണ്ടാമത്തെ എം.സി.എഫിൽ ഉണ്ടാകാവുന്ന സ്ഥല പരിമിതി കണക്കിലെടുത്ത് പ്രസ്തുത എം.സി.എഫ് വിപുലീകരിക്കുന്നതിനും ജൈവമാലിന്യം പൂർണ്ണമായും ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ആവശ്യമായ ബയോബിൻ എല്ലാ വീടുകളിലും എത്തിക്കുന്നതിനും, ബജറ്റ് കൂടുതൽ ഊന്നം നൽകുന്നു.

പഞ്ചായത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളിലും, സമ്പദ്ഘടനയിലും നിർണ്ണായക പങ്കു വഹിക്കുന്ന കുടുംബശ്രീ പ്രസ്ഥാനത്തിന്റെ നേതൃത്വമായ നടത്തറ കുടുംബശ്രീ സി.ഡി.എസ് ഇന്ന് ക്രിയാത്മകമായ പ്രവർത്തന മികവു കൊണ്ട് സംസ്ഥാന തലത്തിൽ മുൻപന്തിയിൽ എത്തിച്ചേർന്ന് ഒട്ടേറെ പുരസ്കാരങ്ങൾ കരസ്ഥമാക്കിയിട്ടുള്ളത് തികച്ചും അഭിമാനകരമാണ്, കുടുംബശ്രീ പ്രസ്ഥാനത്തിനെ ശക്തിപ്പെടുത്തുന്നതിനും, കുടുംബശ്രീ യൂണിറ്റുകൾ ഉണ്ടാക്കുന്ന പരിശുദ്ധമായ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും, വിഷരഹിതമായ പച്ചക്കറികളും മറ്റ ഭക്ഷ്യ ഉൽപന്നങ്ങളും പഞ്ചായത്തിൽ തന്നെ വിളയിച്ച് എടുക്കുന്നതിനും കൂടുതൽ സ്വയം തൊഴിൽ സംരംഭങ്ങളും സ്റ്റാർട്ട്അപ്പുകൾക്കും, പഞ്ചായത്തിൽ ആരംഭിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിന് ബജറ്റ് ഊന്നൽ നൽകുന്നു.

സ്വകാര്യ മേഖലയിൽ വലിയതും, ചെറിയതുമായ നിരവധി സംരംഭങ്ങൾ തുടങ്ങുന്നതിന് സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സഹനത്തിന്റെ തുടർച്ചയായി അത്തരം സംരംഭങ്ങൾ ദ്രുതഗതിയിൽ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസ് ഉൾപ്പെടെയുള്ള അനുമതികൾ വേഗത്തിൽ ആക്കുന്നതിനും, തൊഴില്ലായ്മ പരിഹരിക്കുന്നതിന് തൊഴിൽ സഭകൾ വിളിച്ച് ചേർക്കുന്നതിന് ബജറ്റ് ഊന്നൽ നൽകിയിട്ടുണ്ട്.

കലാകായിക പ്രോത്സഹനത്തിന്റെ ഭാഗമായി പഞ്ചായത്ത് വർഷംതോറും നടത്തിവരാറുള്ള കേരളോത്സവം പഞ്ചായത്തിലെ മുഴുവൻ യുവജനസംഘടനകളുടെ സഹായത്തോടെ വളരെ വിപുലമായ നടത്തുന്നതിന് ലക്ഷ്യമിടുന്ന ബജറ്റിൽ കായിക പരിശീലനത്തിന് മതിയായ തുക വകുത്തിയിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷം തുടർച്ചയായി കേരളോത്സവത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്ത് ഓവർറോൾ കിരീടം നേടിയത് ഈ

മേഖലയിൽ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമാണ്.

2024-25 ൽ തന്നെ പഞ്ചായത്തിലെ അതിദാരിദ്രരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിച്ച് അതിദാരിദ്ര്യം പഞ്ചായത്തിൽ നിന്നും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുക ലക്ഷ്യത്തോടൊപ്പം വികസന പ്രവർത്തനങ്ങളുടെ അളവുകൾ പഞ്ചായത്തിലെ മുഴുവൻ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിനും, ദാരിദ്ര്യവും തൊഴിലില്ലായ്മയും പരമാവധി കുറയ്ക്കുന്നതിനും, കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, വികസന രംഗത്തെ അസുന്തിലാതവസ്ഥ ഒഴിവാക്കി മുന്നോട്ട് പോകുന്നതിന് ലക്ഷ്യമിട്ട് തയ്യാറാക്കിയിട്ടുള്ള 2024-25 വർഷത്തെ ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

നടത്തറ ഗ്രാമപഞ്ചായത്ത്

നടത്തറ ഗ്രാമപഞ്ചായത്തിൻറെ2024-2025 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ കാർഷിക വികസനം ദാരിദ്ര്യലഘൂകരണം, പശ്ചാത്തല വികസനം, ലൈഫ് പദ്ധതി, ഹരിതകർമ്മസേന പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധങ്ങളായ മേഖലകളെ ലക്ഷ്യമിട്ട് വകയിരുത്തലുകൾ നടത്തിയിട്ടുണ്ട്.

ബജറ്റ് തുകകൾ ഒറ്റനോട്ടം

മുൻബാക്കി (2023-2204)	**1,17,86,814.00**
തനതു നികുതി വരവ്	1,24,00,000.00
തനതു നികുതിതേരവ് വരവ്	1,24,02,000.00
ആകെ തനതു ഫണ്ട്	2,48,02,000.00
ജനറൽ പർപ്പസ് ഫണ്ട്	1,92,20,000.00
ആകെ തനതു വരുമാനം	**4,40,22,000.00**
റവന്യൂ ഗ്രാന്റ് പദ്ധതി ചിലവുകൾക്ക്	1,2,58,97,000.00
റവന്യൂ ഗ്രാൻപദ്ധതി ഇതര ചിലവുകൾ (പെൻഷൻ മുതലയാവ)	6,00,00,000.00
ആകെ റവന്യൂ വരവ്	2,2,99,19,000.00
മൂലധന വരവ് (വായ്പ)	2,00,00,000.00
വായ്പ ഒഴികെയുള്ള മൂലധന വരവ്	8,42,50,000.00
ആകെ മൂലധന വരവ്	10,42,50,000.00
ആകെ വരവ്	33,,41,69,000.00
ആകെ വരവും പ്രാരംഭ ബാക്കിയും	**3,4,59,55,814.00**
റവന്യൂ ചിലവുകൾ (അനിവാര്യം)	27993814.00
റവന്യൂ ഗ്രാന്റ് പദ്ധതി ചിലവ്	13,76,62,000.00
റവന്യൂ ഗ്രാന്റ് പദ്ധതിതേര ചിലവുകൾ	6,00,00,000.00
ആകെ റവന്യൂ ചിലവുകൾ	2,2,56,55,814.00
വായ്പ തിരിച്ചടവ്	2,00,00,000.00
മൂലധന ചിലവുകൾ	8,98,00,000.00
ആകെ മൂലധന ചിലവുകൾ	1098,00,000.00
ആകെ ചിലവുകൾ	**3,3,54,55,814.00**
നീക്കി ബാക്കിയിരിപ്പ്	1,05,00,000.00

മേഖല വിഭജനം 2024-2025

മേഖല	തുക (രൂപയിൽ)
ഉത്പാദന മേഖല	1,00,20,000.00
സേവന മേഖല	8,76,47,000.00
പശ്ചാത്തല മേഖല	1,19,85,000.00
മേഖല വിഭജനത്തിൽ പെടാത്തത്	1,8,10,000.00
പട്ടിക ജാതി	53,00,000.00

പട്ടിക വർഗ്ഗം	3,25,000.00
സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം	73,00,000.00
ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ ക്ഷേമം	35,00,000.00
ശുചിത്വ മാലിന്യ പരിപാലനം	33,00,000.00
വൃദ്ധജന സംരക്ഷണം	18,00,000.00
തൊഴിലുറപ്പ്	3,45,00,000.00
ഭവന നിർമ്മാണം (ലോൺ ഉൾപ്പെടെ)	29,00,000.00
കുടിവെള്ളം	18,00,000.00

2024-2025 വാർഷിക ബജറ്റ് പ്രതീക്ഷിത വരവുകൾ (പ്രധാന ഹെഡുകൾ)

ക്രമ നമ്പർ	ഇനം	തുക (രൂപയിൽ)
1	വസ്തു നികുതി	90,00,000.00
2	തൊഴിൽ നികുതി	25,00,000.00
3	സർവ്വീസ് ചാർജ്ജ്	9,00,000.00
4	വാടക	17,00,000.00
5	മറ്റ ഫീസുകൾ	9,2,40,000.00
6	സെയിൽസ്	4,12,000.00
7	പലിശ വരുമാനം	9,00,000.00
8	നിക്ഷേപങ്ങൾ കണ്ടു കെട്ടിയത്	1,50,000.00
9	ജനറൽ പർപ്പസ് ഫണ്ട്	1,92,20,000.00
10	തൊഴിലുറപ്പ് പദ്ധതി വരവ്	3,4,50,000.00
11	കേന്ദ്ര വിഹിതം (വിവിധ പദ്ധതികൾ)	3,10,000.00
12	വികസന ഫണ്ട് ജനറൽ	1,80,00,000.00
13	എസ്.സി.പി	53,00,000.00
14	ടി.എസ്.പി	3,24,000.00
15	ധനകാര്യ കമ്മീഷൻ വരവ് (സി.എഫ്.സി)	90,00,000.00
16	ലോൺ (ലൈഫ്)	1,43,00,000.00
17	ലോൺ (ആസ്തി)	20,000,000.00
18	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	1,77,50,000.00
19	മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം)	1,01,51,000.00
20	സംസ്ഥാന ആവിഷ്കൃത പദ്ധതികൾ (പെൻഷൻ)	6,00,00,000.00
21	ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതം	1,23,25,900.00
22	സംസ്ഥാന ആവിഷ്കൃത ഫണ്ട് (ആസ്തി)	5,50,00,000.00

2024-2025 വാർഷിക ബജറ്റ് പ്രതീക്ഷിത ചിലവുകൾ (പ്രധാനഹെഡുകൾ)

ക്രമ നമ്പർ	ഇനം	തുക (രൂപയിൽ)
1	ജീവനക്കാരുടെ ശമ്പളം	1,10,00,000.00
2	കൂലി (ദിവസ വേതന ജീവനക്കാർ)	11,00,000.00
3	ബോണസ്	60,000.00
4	ജീവനക്കാരുടെ യാത്ര ബത്ത	2,00,000.00
5	ജനപ്രിതിനിധികളുടെ വിവിധ ബത്തകൾ	22,00,000.00
6	ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ	11,00,000.00
7	മറ്റ് ബത്തകൾ, അലവൻസുകൾ	4,00,000.00
8	ഓഫീസ് ചിലവുകൾ	5,00,000.00
9	വാർത്താവിനിമയ ചിലവുകൾ	1,25,00,000.00
10	പ്രിന്റിംഗ്, സ്റ്റേഷനറി	2,50,000.00
11	ഇൻഷുറൻസ് രജിസ്ട്രേഷൻ	30,000.00
12	ലീഗൽ എക്സ്പെൻസ്	15,0000.00
13	പരസ്യവും, പ്രചാരണവും	2,50,000.00
14	മെമ്പർഷിപ്പ് വരി സംഖ്യം	40,000.00
15	അസാധാരണ ചിലവുകൾ	4,00,000.00
16	മറ്റു ഭരണ ചിലവുകൾ	12,00,000.00
17	വൈദ്യുതി ചാർജ്ജ് (സ്ട്രീറ്റ് ലൈറ്റ് മുതലായവ)	28,00,000.00
18	ഡീസൽ ചാർജ്ജ്	5,00,000.00
19	വാട്ടർ ചാർജ്ജ് സ്ട്രീറ്റ് ടാപ്പ്	12,00,000.00
20	റിപ്പയറിംഗ്, മെയിന്റൻസ് (ബിൽഡിംഗ്, വാഹനം മുതലായവ)	1,6,20,000.00
21	ബാങ്ക് ചാർജ്ജ്സ്	3,70,000.00

പെർഫോമൻസ് ബജറ്റ് 2024-2025

ക്രമ നമ്പർ	പദ്ധതിയുടെ പേര്	തുക			
		പ്ലാൻ	നോൺ പ്ലാൻ	ആകെ	പ്രതീക്ഷിക്കുന്ന നേട്ടം
1	നെൽകൃഷി	14,50,000.00		14,50,000.00	ഭക്ഷ്യ സുരക്ഷ
2	വാഴ, തെങ്ങ് കൃഷി	17,50,000.00		17,50,000.00	ഭക്ഷ്യ സുരക്ഷ
3	ആശ്രയ പദ്ധതി	8,00,000.00		8,00,000.00	അഗതി പുനരധി വാസം
4	സ്ത്രീകളുടെയും, കുട്ടികളുടെയും	73,00,000.00		73,00,000.00	സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം
5	വയോജന പ്രവർത്തനങ്ങൾ	18,00,000.00		18,00,000.00	വാർദ്ധക്യ ക്ഷേമം
6	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	3,45,00,000.00		34500000.00	ദാരിദ്ര ലഘൂകരണം, മണ്ണ് ജലസംരക്ഷണം ആസ്തി
7	പച്ചക്കറി, ഔഷധ കൃഷി	11,00,000.00		11,00,000.00	പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത

ജന്റർ ബജറ്റ്

ക്രമ നമ്പർ	പദ്ധതി	തുക	ഗുണഭോക്താവ്		ബഡ്ജറ്റ് തുക		പ്രതീക്ഷിക്കുന്ന നേട്ടം
			പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	
1	കോക്ലിയർ പ്ലാന്റ് തുക കൈമാറൽ	1,50,000.00	2	5	40,000.00	1,00,000.00	ആരോഗ്യ പരിരക്ഷ
2	ഭിന്നശേഷി സ്കോളർഷിപ്പ്	23,00,000.00	30	50	8.55,000.00	14,25,000.00	മെച്ചപ്പെ ജീവിത നിലവാരം, ഭിന്നശേഷി സൌഹൃദ പഞ്ചായത്ത്
3	കട്ടിൽ വിതരണം	7,00,000.00	75	100	3,00,000.00	4,00,000.00	മെച്ചപ്പെട്ട ജീവിത നിലവാരം
4	ബി.ആർ.സി പ്രവർത്തനം	12,00,000.00	40	50	4,00,000.00	7,00,000.00	ഭിന്നശേഷി സൌഹൃദ പഞ്ചായത്ത്

നടത്തറ ഗ്രാമപ്പഞ്ചായത്ത്

2024-2025 സാമ്പത്തികവർഷത്തെ കരട് ബജറ്റ്

(ധനകാര്യ സ്ഥിരം സമിതിയുടെ 12-02-2024 തീയതിയിലെ
1 - നമ്പർ തീരുമാനം പ്രകാരം
അംഗീകരിച്ചത്.)

Nadathara Grama Panchayath Draft Budget for the Financial Year 2024-2025

BUDGET STATEMENT

	PARTICULARS	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
A	Opening balance (net) (ws-1)	1,56,80,296	1,38,79,314	1,17,86,814
B	a) Tax revenue-നികുതി വരുമാനം (BS-1)	84,33,790	1,11,00,000	1,24,00,000
C	b) Non tax revenue-നികുതിയിതര വരുമാനം (BS-2)	53,49,407	1,06,38,500	1,24,02,000
D	Total Own Fund-ആകെ തനത് ഫണ്ട് (B+C)	1,37,83,197	2,17,38,500	2,48,02,000
E	c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് (BS-3)	1,56,94,000	1,92,20,000	1,92,20,000
F	Total -ആകെ (D+E)	2,94,77,197	4,09,58,500	4,40,22,000
G	d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക് (BS-4)	9,35,98,741	15,62,73,000	12,58,97,000
H	e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ഇതര ചെലവുകൾക്ക് (BS-5)	5,23,74,200	5,50,00,000	6,00,00,000
I	Toal Revenue Income -ആകെ റവന്യൂ വരവുകൾ (F+G+H)	17,54,50,138	25,22,31,500	22,99,19,000
J	Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ (BS-6)	0	0	2,00,00,000

PARTICULARS		Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
K	Capital Income other than loans -വായ്പ ഒഴികെ മൂലധന വരവുകൾ (BS-7)	1,02,64,606	1,26,50,000	8,42,50,000
L	Total Capital Income-ആകെ മൂലധന വരവുകൾ (J+K)	1,02,64,606	1,26,50,000	10,42,50,000
M	Total Income -ആകെ വരവുകൾ (I+L)	18,57,14,744	26,48,81,500	33,41,69,000
N	Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും (M+A)	20,13,95,040	27,87,60,814	34,59,55,814
O	Revenue Expenditure-Statutory functions-റവന്യൂ ചെലവുകൾ-അനിവാര്യ ചുമതലകൾക്ക് (BS-8)	2,28,70,570	2,52,27,000	2,79,93,814
P	Revenue Expenditure-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ (BS-9)	9,80,45,013	17,46,87,000	13,76,62,000
Q	Revenue Expenditure-Non-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ (BS-10)	5,23,74,200	5,50,00,000	6,00,00,000
R	Total Revenue Expenditure -ആകെ റവന്യൂ ചെലവുകൾ (O+P+Q)	17,32,89,783	25,49,14,000	22,56,55,814
S	Capital Expenditure -Loan repayments-മൂലധന ചെലവുകൾ-വായ്പ തിരിച്ചടവ് (BS-11)	0	0	2,00,00,000
T	Capital expenditure other than loan repayments -മറ്റ് മൂലധന ചെലവുകൾ (BS-12)	1,42,25,943	1,20,60,000	8,98,00,000
U	Total Capital Expenditure -ആകെ മൂലധന ചെലവുകൾ ചെലവുകൾ (S+T)	1,42,25,943	1,20,60,000	10,98,00,000
V	Total Expenditure -ആകെ ചെലവുകൾ (R+U)	18,75,15,726	26,69,74,000	33,54,55,814
W	Closing Balance-നീക്കി ബാക്കി (N-V)	1,38,79,314	1,17,86,814	1,05,00,000

Nadathara Grama Panchayath Draft Budget for the Financial Year 2024-2025				
BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
1101001	Property Tax-വസ്തു നികുതി	57,12,410	80,00,000	90,00,000
1101101	Service Tax-സേവന നികുതി	5,74,550	8,00,000	9,00,000
1102001	Profession Tax-തൊഴിൽ നികുതി	21,46,830	23,00,000	25,00,000
1103001	Advertisement Tax-പരസ്യ നികുതി	0	0	0
1103501	Show Tax-പ്രദർശന നികുതി	0	0	0
1104001	Entertainment Tax-വിനോദനികുതി	0	0	0
1105101	Toll-ടോൾ	0	0	0
1105201	Land Conversion Cess-ഭൂ പരിവർത്തന സെസ്	0	0	0
110	Total-Tax Revenue-ആകെ നികുതി വരവ്	84,33,790	1,11,00,000	1,24,00,000

Nadathara Grama Panchayath Draft Budget for the Financial Year 2024-2025

BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
130 - Rental Income from Panchayat Properties				
1301001	Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക	12,48,303	13,00,000	15,00,000
1302001	Rent from Staff Quarters-സ്റ്റാഫ് ക്വാർട്ടേഴ്സ് വാടക	0	0	0
1303001	Rent from Auditoriums and Halls- ആഡിറ്റോറിയം/ഹാൾ വാടക	10,000	14,000	2,00,000
1304001	Daily Rentals from Grama Panchayat Properties-പഞ്ചായത്ത് സ്വത്തുകളുടെ ദിവസ വാടക	0	0	0
1308001	Other Rents- മറ്റ് വാടകകൾ	2,21,026	0	0
130	Total Rental Income from Panchayat Properties	14,79,329	13,14,000	17,00,000

BS-2 PARTICULARS		Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
140 - Fees & User Charges				
1401001	Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ്	1,013	25,000	20,000
1401101	Licence Fees-ലൈസൻസ് ഫീസ്	2,71,890	3,00,000	3,50,000
1401201	Fee for Grant of Permit-പെർമിറ്റ് ഫീസ്	4,78,067	60,00,000	70,00,000
1401301	Fees for Certificate or Extract-സർടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ	19,462	19,000	20,000
1402001	Penalties and Fines-ഫൈൻ	1,71,071	2,50,000	2,50,000
1404001	Miscellaneous Fees-മറ്റ് ഫീസുകൾ	7,04,786	5,50,000	6,00,000
1405001	User Charges Collected-യൂസർ ചാർജ്	9,82,051	9,00,000	10,00,000
1407001	Service/ Administrative Charges-സർവീസ്/അഡ്മിനിസ്ട്രെടിവ് ചാർജുകൾ	0	0	0
140	Total Fees & User Charges	26,28,340	80,44,000	92,40,000

BS-2 PARTICULARS		Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
150 - Sale & Hire Charges				
1501001	Sale of Products-ഉൽപ്പന്നങ്ങളുടെ വില	43,500	36,000	40,000
1501101	Sale of Forms-ഫാറം വില	81,460	1,00,000	1,00,000
1501201	Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന	2,57,150	2,60,000	2,70,000
1503001	Miscellaneous Sales--മറ്റ് വസ്തുക്കളുടെ വിൽപ്പന	150	1,500	2,000
1504001	Hire Charges of Vehicles-വാഹന വാടക	0	0	0
1504101	Hire Charges of Tools, Machinery and Equipment-ഉപകരണങ്ങളുടെ വാടക	0	0	0
150	Total-Sale & Hire Charges	3,82,260	3,97,500	4,12,000

BS-2 PARTICULARS		Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
151 - Receipts from Transferred Institutions				
1511001	Receipts from Transferred Institutions - ഘടകസ്ഥാപനങ്ങളിൽനിന്നുള്ള വരവുകൾ	0	5,000	0
151	Total Receipts from Transferred Institutions	0.00	5,000.00	0.00
BS-2 PARTICULARS		Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
170 - Income from Investments				
1701001	Interest from Investments-നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	0	0	0
1702001	Dividend-നിക്ഷേപങ്ങളിൽ നിന്നുള്ള അംശആദായം	0	0	0
1704001	Profit on Sale of Investments-നിക്ഷേപങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള ലാഭം	0	0	0
1708001	Other Income from Investments-നിക്ഷേപങ്ങളിൽ നിന്നുള്ള മറ്റു വരവുകൾ	0	0	0
170	Total Income from Investments	0	0	0

BS-2 PARTICULARS		Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
171 - Interest Earned				
1711001	Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	8,56,034	8,25,000	9,00,000
1712001	Interest on Loans and Advances to Employees-ജീവനക്കാർക്ക് നൽകിയിട്ടുള്ള മുന്കൂറുകളിൽ നിന്നുള്ള പലിശ	0	0	0
1713001	Interest on Loans to Others-മറ്റ് വായ്പകളിൽ നിന്നുള്ള പലിശ വരവുകൾ	0	0	0
1718001	Other Interest-മറ്റ് പലിശ വരവുകൾ	0	0	0
171	Total Interest Earned	8,56,034	8,25,000	9,00,000

BS-2 PARTICULARS		Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
180 - Other Income				
1801001	Deposits Forfeited-നിക്ഷേപങ്ങൾ കണ്ടുകെട്ടിയത്	1,424	50,000	1,50,000
1801101	Lapsed Deposits-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ	0	0	0
1802001	Insurance Claim Recovery-ഇന്ഷുറന്സ് ക്ലെയിം ലഭിച്ചത്	0	0	0
1803001	Profit on Disposal of Fixed Assets-സ്ഥിര ആസ്തികളുടെ വില്പ്പനയിലുള്ള ലാഭം	0	0	0
1804001	Recovery from Employees-ജീവനക്കാരിൽ നിന്നുള്ള റിക്കവറികൾ	0	0	0
1808001	Miscellaneous Income	2,020	3,000	0
180	Total Other Income	3,444	53,000	1,50,000
Total-Non tax revenue-ആകെ നികുതിയിതര വരവുകൾ		**53,49,407**	**1,06,38,500**	**1,24,02,000**

Nadathara Grama Panchayath Draft Budget for the Financial Year 2024-2025				
BS-3- GENERAL PURPOSE FUND- ജനറൽ പർപ്പസ് ഫണ്ട്)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
1601005	General purpose fund-ജനറൽ പർപ്പസ് ഫണ്ട്	1,56,94,000	1,92,20,000	1,92,20,000
160	Total-General purpose fund-ജനറൽ പർപ്പസ് ഫണ്ട്	1,56,94,000	1,92,20,000	1,92,20,000

Nadathara Grama Panchayath Draft Budget for the Financial Year 2024-2025

BS-4 -REVENUE INCOME-PLAN GRANTS- (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യു വരവുകൾ)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
3111001	Special Funds-പ്രത്യേക ഫണ്ട്	0	0	0
3112001	Development Fund for Transfer to Other LSGIs for Joint Venture Project - for Capital Expenditure-സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക്	0	0	0
3112002	Development Fund for Transfer to Other LSGIs for Joint Venture Project - for Revenue Expenditure -സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യു ചെലവുകൾക്ക്	1,00,98,207	3,50,00,000	1,24,00,000
3112003	Development Fund for Transfer to Other LSGIs for Other Specific Purposes - for Capital Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക്	0	0	0
3112004	Development Fund for Transfer to Other LSGIs for Other Specific Purposes - for Revenue Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യു ചെലവുകൾക്ക്	0	0	0
3117101	Trust or Agency Funds-ട്രസ്റ്റ്/ഏജൻസി ഫണ്ടുകൾ	0	0	0
3121001	capital contribution-	0	0	0
3201001	Grants, Funds & Contributions for Specific Purposes - centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	8,55,153	3,45,00,000	3,45,00,000

3201002	Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും-- പ്രത്യേക പദ്ധതികൾക്കുള്ളത്	0	47,00,000	15,00,000
3202001	Development Fund - General - Revenue-വികസന ഫണ്ട് - പൊതുവിഭാഗം - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	2,03,51,766	1,91,00,000	1,80,00,000
3202001	Development Fund - SCSP -Revenue -വികസന ഫണ്ട് - പട്ടികജാതി ഘടകപദ്ധതി - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	47,09,302	57,48,000	53,00,000
3202001	Development Fund - TSP - Revenuel -വികസന ഫണ്ട് - പട്ടികവർഗ്ഗഘടകപദ്ധതി - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	3,24,000	3,24,000	3,25,000
3202001	Development Fund - CFC - Revenue -വികസന ഫണ്ട് - കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	45,70,138	62,45,000	36,72,000
3202001	Development Fund - KLGSDP - Revenue -വികസന ഫണ്ട് - ലോകബാങ്ക് ധനസഹായം- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	0	0	0
3202001	Development Fund - Special Grant - Revenue -വികസന ഫണ്ട് - സ്പെഷ്യൽ ഗ്രാന്റ്- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	0	0	0
3202001	Maintenance Fund - Road Assets -Revenue- സംരക്ഷണച്ചെലവ് - റോഡ് ആസ്തികൾ-- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	85,99,867	1,70,00,000	1,77,00,000
3202001	Maintenance Fund - Non Road Assets - Revenue - സംരക്ഷണച്ചെലവ് - റോഡ് ഇതര ആസ്തികൾ-- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	43,85,063	1,13,56,000	99,00,000
3202002	Fund for Transferred Institutions -ഘടക സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക ഫണ്ടുകൾ	0	0	0
3202003	Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന	0	0	0
3203001	Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	0	0	0

3204001	Grants, Funds & Contributions for Specific Purposes - Financial Institutions - ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	0	1,18,00,000	1,43,00,000
3205001	Grants, Funds & Contributions for Specific Purposes - Welfare Bodies- ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	0	10,00,000	38,00,000
3206001	Grants, Funds & Contributions for Specific Purposes - International Organizations-അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും	0	0	0
3207001	Contributions for Joint Venture Projects (for Capital Expenditure) - From Other LSGIs - സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം	0	0	0
3207002	Contributions for Joint Venture Projects (for Centrally Sponsored Scheme) - From Other LSGIs - സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം (കേന്ദ്രാവിഷ്ക്കൃത	1,81,17,269	30,00,000	0
3207003	Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്)	2,11,61,140	65,00,000	45,00,000
3207004	Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്)	2,76,836	0	0
3208001	Other Grants, Funds & Contributions for Specific Purposes - others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	1,50,000	0	0
3209001	Awards from Central Government -കേന്ദ്ര സർക്കാരിൽ നിന്നുള്ള അവാർഡ് സംഖ്യ	0	0	0
3209002	Awards from State Government --സംസ്ഥാന സർക്കാരിൽ നിന്നുള്ള അവാർഡ് സംഖ്യ	0	0	0
3209003	Other Awards and Honours-മറ്റ് അവാർഡുകളും ബഹുമതികളും	0	0	0
311	Revenue Grants, Funds, Contributions & Compensations-	9,35,98,741	15,62,73,000	12,58,97,000

Nadathara Grama Panchayath Draft Budget for the Financial Year 2024-2025				
BS-5-REVENUE INCOME- NON PLAN GRANTS- (പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - വരവുകൾ)				
DETAILED HEAD CODE	**PARTICULARS (ഇനവിവരം)**	**Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)**	**Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)**	**Budget for the Year2024-2025 (ബജറ്റ്-2024-2025)**
1601003	**State Sponsored Schemes (not included under Decentralised Plan Programme)സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ**	**5,23,74,200**	**5,50,00,000**	**6,00,00,000**
160	**Total-Revenue Grants, Funds, Contributions & Compensations**	**5,23,74,200**	**5,50,00,000**	**6,00,00,000**

Nadathara Grama Panchayath Draft Budget for the Financial Year 2024-2025

BS-6-CAPITAL INCOME- LOANS -(വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ സംബന്ധിച്ച ബജറ്റ്)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ്	Budget for the Year2024-2025 (ബജറ്റ്-2024-2025)
3301001	loans from Central Government- കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ	0	0	0
3302001	loans from State Government-സംസ്ഥാന സർക്കാരിൽ നിന്നുള്ള വായ്പ	0	0	0
3303001	loans from Government Bodies and Associations-സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നുമുള്ള വായ്പ	0	0	0
3304001	loans from International Agencies-അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ	0	0	0
3305001	loans from Banks & Other Financial Institutions-ബാങ്കുകളിൽ നിന്നും മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ	0	0	2,00,00,000
3305002	loans - Loan from Financial Institutions-മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ	0	0	0
3306001	loans -Other Term Loans-മറ്റ് ടേം ലോണുകൾ	0	0	0
3307001	loans - Bonds & Debentures-ബോണ്ടുകളുടെയും ,ഡിബഞ്ചറുകളുടെയും ഈടിന്മേലുള്ള വായ്പകൾ	0	0	0
3308001	loans -Other Loans-മറ്റ് വായ്പകൾ	0	0	0

330	**Total-loans-ആകെ വായ്പകൾ**	**0**	**0**	**2,00,00,000**

Nadathara Grama Panchayath Draft Budget for the Financial Year 2024-2025

BS-7- CAPITAL INCOME- OTHER THAN LOANS -(മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള മറ്റു വരവുകൾ)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ്	Budget for the Year2024-2025 (ബജറ്റ്-2024-2025)
3111001	Special Funds-പ്രത്യേക ഫണ്ട്	0	0	0
3112001	Development Fund for Transfer to Other LSGIs for Joint Venture Project - for Capital Expenditure-സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക്	0	0	0
3112002	Development Fund for Transfer to Other LSGIs for Joint Venture Project - for Revenue Expenditure -സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യു ചെലവുകൾക്ക്	0	0	0
3112003	Development Fund for Transfer to Other LSGIs for Other Specific Purposes - for Capital Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക്	0	0	0
3112004	Development Fund for Transfer to Other LSGIs for Other Specific Purposes - for Revenue Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യു ചെലവുകൾക്ക്	0	0	0
3117101	Trust or Agency Funds-ട്രസ്റ്റ്/ഏജൻസി ഫണ്ടുകൾ	0	0	0
3121001	capital contribution-	1,02,64,606	0	0
3207001	Contributions for Joint Venture Projects (for Capital Expenditure) -	0	0	0

3207003	Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്)	0	0	0
3201001	Grants, Funds & Contributions for Specific Purposes - centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും	0	31,00,000	17,00,000
3201002	Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും--	0	0	0
3202001	Development Fund - General - Capital -വികസന ഫണ്ട് - പൊതുവിഭാഗം - മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ	0	0	0
3202001	Development Fund - SCSP - Capital -വികസന ഫണ്ട് - പട്ടികജാതി ഘടകപദ്ധതി - മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ	0	0	0
3202001	Development Fund - TSP - Capital -വികസന ഫണ്ട് - പട്ടികവർഗ്ഗഘടകപദ്ധതി - മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ	0	0	0
3202001	Development Fund - CFC - Capital -വികസന ഫണ്ട് - കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്- മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ	0	42,00,000	54,00,000
3202001	Development Fund - KLGSDP - Capital -വികസന ഫണ്ട് - ലോകബാങ്ക് ധനസഹായം- മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ	0	0	0
3202001	Development Fund - Special Grant - Capital -വികസന ഫണ്ട് - സ്പെഷ്യൽ ഗ്രാന്റ്- മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ	0	0	0
3202001	Maintenance Fund - Road Assets - സംരക്ഷണച്ചെലവ് - റോഡ് ആസ്തികൾ - മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ	0	18,00,000	0
3202001	Maintenance Fund - Non Road Assets - സംരക്ഷണച്ചെലവ് - റോഡ് ഇതര ആസ്തികൾ - മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ	0	0	2,50,000
3202002	Fund for Transferred Institutions -ഘടക സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക ഫണ്ടുകൾ	0	0	0
